പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6176 — 31.10.2011-ൽ മറുപടിയ്ക്ക്

## അങ്കമാലി നിയോജക മണ്ഡലത്തിൽ വൈദ്യുതി വിതരണത്തിലെ തകരാർ.

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ മാണിക്കമംഗലം ആര്യപ്പാറ ട്രാൻസ്ഫോർമറിൽ നിന്നും വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾ വൈദ്യുതി വിതരണത്തിലെ തകരാർ പരിഹരിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;<br><br>(ബി) ഈ മേഖലയിലെ വൈദ്യുത വിതരണത്തിലെ തകരാറിനും ഇത് പരിഹരിക്കുന്നതിലെ കാലതാമസത്തിനുമുള്ള കാരണം വിശദമാ ക്കാമോ ;<br><br>(സി) വൈദ്യുതി തകരാർ എന്ന് പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (എ) (ബി) & (സി) അങ്കമാലി നിയോജക മണ്ഡലത്തിൽ കാലടി സെക്ഷന്റെ പരിധിയിൽ വരുന്ന മാണിക്കമംഗലം, ആര്യപ്പാറ ട്രാൻസ്ഫോർമറുകൾക്ക് സപ്ളൈ വരുന്നത് കാലടി 33 കെ. വി. സബ്സ്റ്റേഷനിൽ നിന്നുള്ള ചന്ദ്രപ്പുര ഫീഡറിൽ നിന്നാണ്. ഈ ട്രാൻസ്ഫോർമറുകൾ ഫീഡറിന്റെ അവസാന ഭാഗത്ത് സ്ഥിതിചെയ്യുന്നതു മൂലം ഇതിൽ നിന്നും വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി മലയാറ്റൂർ 110 കെ. വി. സബ് സ്റ്റേഷനിൽ നിന്നുള്ള ടൗൺ ഫീഡറിലേക്ക് പ്രസ്തുത ട്രാൻസ്ഫോർമറുകളെ മാറ്റി ബന്ധിപ്പിക്കുന്ന പ്രവൃത്തി ആർ. എ. പി. ഡി. ആർ. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി സ്ഥാപിച്ച അയ്യമ്പുഴ 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നും നിലവിലുള്ള ചന്ദ്രപ്പുര ഫീഡറിലെ 10 ട്രാൻസ്ഫോർമറുകളിലെ ഉപഭോക്താക്കളെ മാറ്റി നൽകിയതു മൂലം വൈദ്യുത തടസ്സത്തിന് ഇപ്പോൾ തന്നെ കുറവ് വന്നിട്ടുണ്ട്. ആർ. എ. പി. ഡി. ആർ. പി. പദ്ധതി പൂർത്തിയാവുന്നതോടുകൂടി ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.